**<u>ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

**ഹാജർ : ആസിഫ് കെ. യൂസഫ് ഐ.എ.എസ്.**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - തിരുവനന്തപുരം - ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഇടക്കാല ഉത്തരവിന് വിധേയമായി വകുപ്പിലെ 4 ഡെയറി ഫാം ഇൻസ്ട്രക്ടർമാരെ ഭരണസൗകര്യാർത്ഥം സ്ഥലംമാറ്റി നിയമിച്ച നടപടി മരവിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം. DDDKER/1742/2024-E1 തിരുവനന്തപുരം,തീയതി: 19-08-2024

പരാമർശം:- 1. ഈ കാര്യാലയത്തിൽ നിന്നുള്ള 09.08.2024 ലെ മേൽനമ്പർ ഉത്തരവ്.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിന്നുള്ള 12.08.2024 ലെ OA 1265/2024 നമ്പർ ഇടക്കാല ഉത്തരവ്.

3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിന്നുള്ള 12.08.2024 ലെ OA 1267/2024 നമ്പർ ഇടക്കാല ഉത്തരവ്.

**<u>ഉത്തരവ്</u>**

മേൽപരാമർശം (1) ലെ ഉത്തരവ് പ്രകാരം ക്ഷീരവികസന വകുപ്പിലെ 24 ഡെയറി ഫാം ഇൻസ്ട്രക്ടർമാരെ ഭരണസൗകര്യാർത്ഥം വകുപ്പിന്റെ വിവിധ ക്ഷീരവികസന യൂണിറ്റുകളിലേക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം-ന്റെ മേൽപരാമർശം (2), (3) പ്രകാരമുള്ള ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മേൽപരാമർശം (1) ലെ ഉത്തരവിലെ ക്രമ നം. 1, 2, 3, 8 പ്രകാരം യഥാക്രമം ശ്രീമതി. പത്മജാദേവി ആർ., ശ്രീ. മനേഷ് എം.എസ്., ശ്രീമതി. ആശ സി.പി., ശ്രീ. ചൻസൂർ എസ്. എന്നീ ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്ക് നൽകിയിരുന്ന സ്ഥലംമാറ്റം മരവിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം-ൽ നിന്നും മറ്റൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ ടി 4 ഡെയറി ഫാം ഇൻസ്ട്രക്ടർമാരും മേൽപരാമർശം (1) ലെ ഉത്തരവിന് മുമ്പുള്ള തൽസ്ഥിതിയിൽ തുടരുന്നതിലേക്കായി പഴയ കാര്യാലയങ്ങളിൽ അടിയന്തരമായി തിരികെ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

ടി 4 ഡെയറി ഫാം ഇൻസ്ട്രക്ടർമാരെയും അടിയന്തര പ്രാബല്യത്തിൽ നിലവിലെ കാര്യാലയങ്ങളിൽ നിന്നും വിടുതൽ ചെയ്യുന്നതിനും മുൻ കാര്യാലയങ്ങളിൽ ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ടി വിവരം ഉടൻതന്നെ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ടി ഉത്തരവ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിന്നുള്ള അന്തിമ ഉത്തരവിന് വിധേയമായി പുനഃപരിശോധനാ വിധേയമായിരിക്കുന്നതുമാണ്. മേൽ ഭേദഗതിയോടെ ഒന്നാം പരാമർശഉത്തരവ് നിലനിൽക്കുന്നതാണ്.

Signed by
Asif K Yusuf
Date: 19-08-2024 13:34:44

**ഡയറക്ടർ**

To:- ബന്ധപ്പെട്ട എല്ലാ ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്കും (ഓഫീസ് മേലധികാരി മുഖേന)

പകർപ്പ് :-

1) ഡെപ്യൂട്ടി ഡയറക്ടർമാർ (14 ജില്ലാ കാര്യാലയങ്ങൾ)
2) ബന്ധപ്പെട്ട ക്ഷീരവികസന ഓഫീസർമാർക്ക് (ഡി.ഡി. മുഖേന)
3) ഡയറക്ടറുടെ മേശപ്പുറത്ത്.
4) അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ മേശപ്പുറത്ത്.
5) ഫിനാൻസ് ഓഫീസറുടെ മേശപ്പുറത്ത്.
6) ജോയിന്റ് ഡയറക്ടർമാർ (ജനറൽ, പ്ളാനിംഗ്)
7) ഈ ഓഫീസിലെ മറ്റെല്ലാ ഓഫീസർമാർക്കും
8) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.
9) ഇ., ഇ.എസ്. സെക്ഷൻ സൂപ്രണ്ടുമാർ.
10) ശ്രീമതി. ശ്രീത റ്റി., ഡെയറി ഫാം ഇൻസ്ട്രക്ടർ (വെബ്-സൈറ്റിൽ ഉത്തരവ് അപ്ഡേറ്റ് ചെയ്യുന്നതിനായി)
11) ഇ2, ഇ3, ഇ.എസ്. 1, ഇ.എസ് 2 സീറ്റുകൾക്ക്.
12) സഞ്ചയം.
13) ശേഖരസഞ്ചയം.